അൺ എക്കണോമിക് സ്കൂളുകൾ

454 [492] ശ്രീ. സിറിയക് ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അൺ എക്കണോമിക് ആയി പരിഗണിക്കപ്പെടേണ്ട എത്ര സ്കൂളുകളുണ്ട്.

(ബി) അവയിൽ ഗവൺമെൻറ് സ്കൂളുകളെത്ര; സഹകാര്യ സ്കൂളുകളെത്ര;

(സി) നിലവിലുള്ള സ്കൂളുകളുടെ നിശ്ചിത ദൂരത്തിനുള്ളിൽ പുതിയ സ്കൂളുകളനുവദിക്കരുതെന്നു വല്ല നിബന്ധനയുമുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം?

ഉത്തരം

(എ, ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) നിബന്ധനകളൊന്നും പ്രത്യേകിച്ചില്ല. സ്ഥലത്തിൻെറ വിദ്യാഭ്യാസ ആവശ്യം മാത്രമേ കണക്കാക്കേണ്ടതുള്ളു.

തിമിരി ദേവസ്വം വക യു.പി. സ്കൂൾ

455 [493] ശ്രീ. കെ.സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽപ്പെട്ട തിമിരി ദേവസ്വം വക യു.പി. സ്കൂൾ ഗവൺമെൻറ് ഏറെടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്ന് ഏത് ഉത്തരവ് പ്രകാരം;

(സി) ഈ സ്കൂളിലെ അദ്ധ്യാപകർക്ക് ഇപ്പോഴും സഹകാര്യ സ്കൂൾ അദ്ധ്യാപകർക്ക് ശമ്പളം നൽകുന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നും ശമ്പളം നൽകുന്നതിൻെറ കാരണം എന്താണ്?

ഉത്തരം

(എ) സ്കൂൾ ഏറെടുത്ത് കഴിഞ്ഞു.

(ബി) 18-8-1980-ലെ ഗവൺമെൻറ് ഉത്തരവ് എം.എസ്.എസ്. നമ്പർ 133/80 പൊ.വി. പ്രകാരം സ്കൂൾ ഏറെടുത്തുകഴിഞ്ഞു.

(സി) സ്കൂൾ സറണ്ടർ അബ്സൊല്യൂട്ട് ആക്കുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്ന കാര്യം സർക്കാരിൻെറ പരിഗണനയിലാണ്. അത് പൂർത്തിയായതിനു ശേഷമേ ഗവൺമെൻറ് സ്കൂൾ അദ്ധ്യാപകർക്ക് ശമ്പളം നൽകുന്ന ഹെഡ് ഓഫ് അക്കൗണ്ടിൽനിന്നും ഈ സ്കൂളിലെ അദ്ധ്യാപകർക്ക് ശമ്പളം നൽകുവാൻ സാധിക്കുകയുള്ളൂ.

നേമത്തെ ചെറുകോട് ട്രൈബൽ സ്കൂൾ

456 [494] ശ്രീ. വി.ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജകമണ്ഡലത്തിലെ വിളപ്പിൽ പഞ്ചായത്തിൽ ഉള്ള ചെറുകോട് ട്രൈബൽ സ്കൂളിൽ എത്ര ക്ലാസുകളുണ്ട്;

(ബി) അവിടെ പ്രഥമ അദ്ധ്യാപകൻ ഉണ്ടോ;

(സി) എത്ര അദ്ധ്യാപകർ പ്രസ്തുത സ്കൂളിൽ ജോലി ചെയ്യുന്നു എന്ന് വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 4.

(ബി) ഉണ്ട്.

(സി) പ്രധാന അദ്ധ്യാപകൻ ഉൾപ്പെടെ 3 പേർ.

24–5–1982–ന് ശേഷം അനുവദിച്ച അൺ എയിഡഡ് സ്കൂളുകൾ

457 [495] ശ്രീ. വി ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 24–5–1982–ന് ശേഷം സംസ്ഥാനത്ത് അനുവദിച്ച അൺ എയിഡഡ് സ്കൂളുകൾ എത്ര;

(ബി) ജില്ലതിരിച്ചുള്ള വിവരം വെളിപ്പെടുത്താമോ?

ഉത്തരം

(എ) പ്രസിഡൻറ് ഭരണകാലത്തു സ്ഥല നിർണ്ണയം നടത്തിയ 153 സ്ഥലങ്ങളിൽ നിന്നും 119 ഉൾപ്പെടെ 294 അൺ എയിഡഡ് സ്കൂളുകൾ 24–5–1982 ന് ശേഷം ഈ ഗവൺമെൻറ് അനുവദിച്ചിട്ടുണ്ട്.

(ബി) ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

അംഗീകൃത സ്കൂളുകൾ

24–5–1982–ന് ശേഷം അനുവദിച്ച അൺ എയിഡഡ് സ്കൂളുകൾ

	ജില്ല	എച്ച്.എസ്.	യു.പി.എസ്.	എൽ.പി.എസ്.
1.	തിരുവനന്തപുരം	6	11	13
2.	കൊല്ലം	4	12	12
3.	പത്തനംതിട്ട	3	2	4
4.	ആലപ്പുഴ	4	8	11
5.	കോട്ടയം	7	10	12
6.	ഇടുക്കി	3	7	10
7.	എറണാകുളം	5	12	18
8.	തൃശ്ശൂർ	5	8	15
9.	പാലക്കാട്	2	6	14
10.	മലപ്പുറം	2	6	8
11.	കോഴിക്കോട്	4	4	9
12.	വയനാട്	4	7	8
13.	കണ്ണൂർ	3	5	10
		52	98	144

LIBRARY ARCHIVES Kerala Legislative Assembly